# എസ് എൻ എച്ച് എസ് എസ്

## ചിതറ



# വെളിച്ചം

# ആമുഖം

കൊല്ലം ജില്ലയിലെ മലയോര മേഖലയിലെ 1960-ൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനമാണ് എസ് എൻ എച്ച് എസ് എസ് ചിതറ. എസ് എൻ ഡി പി യോഗം ഏറ്റെടുക്കുകയും ഇവിടത്തെ ജനങ്ങളിൽ വെളിച്ചം വീശികൊണ്ട് മുന്നേറുകയും ചെയ്യുന്നു.8 മുതൽ 12 വരെ ക്ലാസുകളിലായി ആയിരത്തോളം വിദ്യർത്ഥികൾപഠിക്കുന്നു.അച്ചടക്കത്തിലും വിജയശതമാനത്തിലും മുന്നേറികൊണ്ട്മുന്നോട്ട് കുതിക്കുന്ന എസ് എൻ എച്ച് എസ് എസിൽ പി റ്റി എയുടെയും നാട്ടുകാരുടെയും എല്ലാ സഹായസഹകരണങ്ങളും ലഭിക്കുന്നുണ്ട്. കുട്ടികളുടെസമഗ്രവികസനം ലക്ഷ്യമാക്കികൊണ്ട് മാനേജ്മെന്റ് വെളിച്ചം പകർന്ന് നിലനിൽക്കുന്നു.

നമ്മുടെ ചിന്തകളിൽ വെളിച്ചമുണ്ടങ്കിൽ വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്തവികായസിലേക്ക് ചെറു പ്രകാശങ്ങളായി നമുക്കും തിളങ്ങാം.എസ് എൻ എച്ച് എസ് എസ് ലെ ലിറ്റിൽ കൈറ്റ് ജ്വലിക്കട്ടെ. കാലത്തിന്റെ ഗതി വിഗതികൾക്കൊപ്പം ഞങ്ങളും കത്തിജ്വലിച്ച് പ്രകാശിക്കാൻ തയാറാകുന്നു.

# സന്ദേശം



ശാസ്ത്ര സാങ്കേതിക വിദ്യകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ഈ കാലഘട്ടത്തിൽ വിവര സാങ്കേ- തിക വിദ്യയുടെ നൂതനാംശവുമായി ലിറ്റിൽ കൈറ്റ്സ് 2019-20 ബാച്ചിന്റെ മുന്നോട്ടുള്ളയാത്രയുടെ ഭാഗമായി തയ്യാറാക്കുന്ന 'വെളിച്ചം' എന്ന മാഗസിന് എല്ലാവിധ അനുഗ്രഹവും നേരുകയും, ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് ആധുനിക വിവരസാങ്കേതിക വിദ്യയിൽ കൂടുതലായി കുതിച്ചുയരാൻ കഴിയട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

ചീഫ് എഡിറ്റർ

ജെ. മായ

[ഹെഡ്മിസ്ട്രസ്]

# എസ് എൻ എച്ച് എസ് എസ്

# ചിതറ

# വെളിച്ചത്തിന്റെ അണിയറയിലേക്ക്....

## ലിറ്റിൽ കൈറ്റ്സ് എസ് എൻ എച്ച് എസ് എസ് ചിതറ

## മാഗസിൻ കമ്മിറ്റി

ജെ.മായ [ഹെഡ്മിസ്റ്റട്രസ്]

സാമ്പശിവൻ [പി റ്റി എ പ്രസിഡന്റ്]

രാജീവൻ വി [എസ് ഐ റ്റി സി]

സജീവ് എൻ [കൈറ്റ് മാസ്റ്റർ]

ആർ മിനി [കൈറ്റ് മിസ്റ്റട്രസ്]

മുഹമ്മദ് ആദിൽ [ഹെഡ് ലീഡർ]

അൽഫിയ എസ് [ഡെപ്യൂട്ടി ലീഡർ]

## എഡിറ്റോറിയൽ ബോർഡ്

അനിൽ എസ് ആർ

മുഹമ്മദ് ആദിൽ

അൽഫിയ എസ്

ഷിഫ എസ് എച്ച്

ഫാത്തിമ ഷാജി

ആദില എസ് എൻ

അജ്നാമോൾ എം

## കവർ ഡിസൈൻ

മുഹമ്മദ് സിദ്ദീഖ് ആർ

## അകത്താളുകളിലേക്ക്


വിദ്യാലയം..........................................................................8
വായനയുടെ പ്രാധാന്യം......................................................9
..........................................................................................10
..........................................................................................10
മഹാത്മാവ്.......................................................................10
വൈക്കം മുഹമ്മദ് ബഷീർ................................................11
ജന്മഭൂമി..........................................................................14
മഴക്കാലം........................................................................15
മുല്ലപ്പെരിയാർ...................................................................17
മഴ...................................................................................18
പ്രധാന ദിവസങ്ങൾ...........................................................19
കുസൃതി ചോദ്യങ്ങൾ.........................................................20
ഓർമ്മ..............................................................................21
കടങ്കഥകൾ.......................................................................22
കുഞ്ഞനും കരിമ്പനും.........................................................23
FRIEND SHIP..................................................................25
My Mother.......................................................................26
7 wonders of India..........................................................27
LIFE.................................................................................29

# മലയാളം

# വിദ്യാലയം



വിദ്യാലയം ഒരു പൂവാണ്
വിജ്ഞാനത്തിൻ നിറകുടമായ പൂവ്
നന്മകൾ അനേകം പൂത്തുവരുന്നു
തിന്മകൾ കൊഴിഞ്ഞുപോകുന്നു
പൂവാകുന്ന വിദ്യാലയത്തിന്റെ
മധുരം നുകരുന്നതിനായി
തേൻവൻണ്ടുകളായി വിദ്യാർത്ഥികളായ
നാം അണയുന്നു.
അ പൂവ് കൊഴിയുമ്പോൾ
വണ്ടുകളും കൊഴിയുന്നു....

മുഹമ്മദ് ആദിൽ
9:D

" വായിച്ചാലും വളരും
വായിച്ചില്ലേലും വളരും
വായിച്ചാൽ വിളയും
വായച്ചില്ലേൽ വളയും .."

# വായനയുടെ പ്രാധാന്യം


"വായന" എന്താണ്. വിജ്ഞാന സമ്പാദനത്തിനും വിനോദത്തിനും ഉപകരിക്കുന്ന ഒന്നാണ് വായന. ജീവിത ക്ലേശങ്ങളിൽ പെട്ടുഴലുന്ന മനുഷ്യന് അപൂർവ്വമായി മാത്രം ലഭിക്കുന്ന വിശ്രമാവസരങ്ങളെ ആനന്ദപൂർണ്ണമാക്കുവാൻ വായന ഉപകരിക്കുന്നു.

വിദ്യാലയങ്ങളിൽ നിന്ന് നാം നേടുന്ന വിദ്യാഭ്യാസം അറിവിന്റെ അടിത്തറ മാത്രമേ ആകുന്നുള്ളൂ. ബലമുള്ള അടിത്തറയിൽ ബഹുനിലകെട്ടിടങ്ങൾ പടുത്തുയർത്തുന്നതുപോലെ വിജ്ഞാനത്തിന്റെ മേഖലകൾ നാം പടുത്തുയർത്തണം . അതിന് ഏറ്റവും ഉപകാരമായിത്തീരുന്നത് വായനയാണ്.

ജോർജ് വാഷിംഗ്ടൺ, അബ്രഹാം ലിംഗൺ, ഗാന്ധിജി തുടങ്ങിയവരെല്ലാം പുസ്തകങ്ങളെ ഗുരുനാഥന്മാരായി കണ്ടവരാണ്. നമ്മളും പുസ്തകങ്ങളെ ഗുരുനാഥന്മാരായി കാണണം.

അൽഫിയ എസ്

9:D




# മഹാത്മാവ്

ഗാന്ധിജി നമ്മുടെ രാഷ്ട്ര പിതാവാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസാതാനത്തിന്റെ പ്രധാന ശിൽപ്പിയും നേതാവും.1915-ൽ ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ നിന്നും മടങ്ങി എത്തി നേതൃത്വം നൽകി.നിസ്സഹാരണ പ്രസാതാനം,ഉപ്പ് സത്യാഗ്രഹം, എന്നിങ്ങനെയുള്ള നിരവധി സത്യാഗ്രഹത്തിലൂടെബ്രിട്ടീഷുകാരെ പിടിച്ചു കുലുക്കി. 1947 ആഗസ്റ്റ്15 ന് ഇന്ത്യ സ്വതന്ത്രമായി.

രാമഹരി എസ്

9:D

# വൈക്കം മുഹമ്മദ് ബഷീർ



മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.

1908 ജനവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ളീഷ് സ്കൂളിലും.

രസകരവും സാഹസികവുമാണ് ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ആം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കള്ളവണ്ടി കയറി കോഴിക്കോട്ടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ്

അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

തസ്‌ലീമ

9:E

# ജന്മഭൂമി




മഞ്ഞണിമാലകളും,
നീലിമയാർന്ന നീലാകാശവും,
പുത്തനുടുപ്പും പൂമ്പാറ്റകളും
പുഞ്ചിരിക്കും പുലരിയും
കൊഞ്ചിപ്പറക്കും പക്ഷികളും
മരന്ദം നുകരും തുമ്പികളും
തുള്ളിക്കളിക്കും പൊൻവെയിലും.......
എത്ര സുന്ദരമെൻ ഭൂമി......
ശാന്തസുന്ദരമാം ജന്മഭൂമി..

ഫാത്തിമ ഷാജി
9:D

# മഴക്കാലം




അതിമനോഹരമായ കാലം ,

അതിസുന്ദരമായ കാലം,

മാനവർക്കും പക്ഷിമൃഗാദികൾക്കും,

ഉല്ലാസമേകുന്നകാലം,

നമ്മളുടെ സ്വന്തം,

മഴക്കാലം.. മഴക്കാലം..

മേഘങ്ങൾ കാർമേഘമായി പെയ്യുന്ന കാലം,

സസ്യലതാദികൾ മതിമറക്കുന്ന കാലം,

പ്രകൃതി സുന്ദരമായി വിടർന്നു നിൽക്കുന്ന കാലം,

നമ്മളുടെ സ്വന്തം,

മഴക്കാലം.. മഴക്കാലം..

ഏവർക്കും കുളിർമ്മയേകുന്ന കാലം,

ഇനിയും ആഗ്രഹിക്കുന്ന കാലം,

അതിമനോഹരമായ കാലം ,

നമ്മളുടെ സ്വന്തം,

മഴക്കാലം.. മഴക്കാലം

ഷിഫ എസ് എച്ച്
9:D

# മുല്ലപ്പെരിയാർ



കേരളവും തമിഴ് നാട്ടും കലഹിച്ചു കൊണ്ടിരിക്കുന്ന ഡാമാണ് മുല്ലപ്പെരിയാർ ഡാം. ഈ ഡാമിൻ ഏകദേശം 115 വർഷം പഴക്കമുണ്ട്. ലോകത്തിൽ വെച്ച് ഏറ്റവും പഴക്കംചെന്ന അണക്കെട്ടാണ് മുല്ലപ്പെരിയാർ ഡാം. ഈ ഡാം സ്ഥിതചെയ്യുന്നത് ഭൂജലനപ്രദേശത്താണ്. 20ാം നൂറ്റാണ്ടിൽ നിർമിച്ച 200 അണക്കെട്ടുകൾ തകർന്നു.ഈ അണക്കെട്ടുകൾ പൊട്ടി ആയിരക്കണക്കിന് ജനങ്ങൾ മരിച്ചു.ഈ അവസ്ഥമാറ്റാൻ പുതിയ അണക്കെട്ട് നിർമിച്ചേ മതിയാകൂ.

മുഹമ്മദ് സിദ്ദീഖ് ആർ
9:D

# മഴ



മഴ മഴ ചിന്നി പെയ്യുന്നു.
മഴയുടെ താളം കേട്ടില്ലേ
മനസ്സിൽ സംഗീതം
കളി വള്ളങ്ങൾ പോകും വഴിയേ
മഴയും കൂടി പോകുന്നു.
കാർമേഘങ്ങൾക്കിടയിൽ നിന്നും
മഴ മഴ ചിന്നി പെയ്യുന്നു.
മഴ വന്നെന്നെ തട്ടി വിളിച്ചു
വാനിൽ നിന്നുയരാൻ.
കലപിലക്കൂട്ടും കിളികൾതൻ
ചിറകുകൾ വാനിൽ ഉയർത്തുകയായി
മഴയുടെ ഒപ്പം മയിലുകൾ
നൃത്ത ചുവടുകൾ വെക്കുകയായ്
മഴ മഴ ചിന്നി പെയ്യുന്നു .

അജ്നാമോൾ
9:D

# പ്രധാന ദിവസങ്ങൾ

- കരസേനാദിനം - ജനുവരി 15
- റിപ്പബ്ലിക്ക് ദിനം - ജനുവരി 26
- രക്തസാക്ഷി ദിനം - ജനുവരി 30
- ലോക വികലാംഗ ദിനം - മാർച്ച് 20
- ലോക പരിസ്ഥിതി ദിനം - ജൂൺ 5
- സ്വാതന്ത്ര്യ ദിനം - ഓഗസ്റ്റ് 15
- ഹിരോഷിമ ദിനം - ഓഗസ്റ്റ് 6
- ലോക ഭക്ഷ്യ ദിനം - ഒക്ടോബർ 16
- ശിശു ദിനം - നവംബർ 14
- കർഷക ദിനം - ഡിസംബർ 23

ആദിൽ മുഹമ്മദ് എൻ
9:D

# കുസൃതി ചോദ്യങ്ങൾ

- പറക്കാൻ കഴിയാത്ത കാക്ക ?

  ഇക്കാക്ക

- കഴുത്തിലണിയാൻ പറ്റാത്ത മാല ?

  തിരമാല

- തറയ്ക്കാൻ പറ്റാത്ത ആണി ?

  ബിരിയാണി

- എത്ര വലിച്ചാലും നീളില്ല പക്ഷെ ചെറുതാകുന്നതെന്ത് ?

  സിഗരറ്റ്

- ഗാന്ധിജി കാണാത്ത ഇന്ത്യ ?

  മിസ് ഇന്ത്യ

- ഒരിക്കലും വാഹനം ഓടിക്കാത്ത ഡ്രൈവർ ?

  സ്ക്രൂ ഡ്രൈവർ

- ചിരിപ്പിക്കുന്ന സെന്റ് ?

  ഇന്നസെന്റ്

- ഏറ്റവും ടെമ്പറുള്ള മാസം ?

  സെപ്റ്റംബർ

കൈലാസ് നാഥ്

9:D

# ഓർമ്മ



എന്റെ മനസ്സിൽ
കനിവ് പൂവുകളായി
വിരിയുന്ന ഓർമകളിൽ
മയിൽപീലിയെ ഞാൻ കാണുന്നു.
കുട്ടികൾ  എന്റെ മനസ്സിൽ
കനിവ് പൂവുകളായി
വിരിയുന്ന ഓർമ്മകളിൽ
മയിൽപ്പീലികൾ
പുസ്തകങ്ങളിലാകുമ്പോൾ
എന്നിലതിന്റെ സ്ഥാനം
എൻ ഹൃദയത്തിലാകുന്നു
മയൂരമാകുന്ന മയിലിൽ
നിന്നും വിരിഞ്ഞെത്തിയ
ആ അതിസുന്ദരമായ
മയിൽപ്പീലിയെ ഞാനറിയുന്നു....

അഭിരാം എസ്
9:D

# കടങ്കഥകൾ

- ഹാ ഹ കാടപ്പാ! കുറച്ച കഴിഞ്ഞു കാടില്ല ?

  പുക

- അമ്മ കുന്നനെ മകൾ കുറുന്നനെ ?

  കമുക്

- ഇരുട്ടു കാട്ടിൽ കുരുട്ടു പന്നി ?

  പേൻ

- കാലില്ലാപ്പന്തൽ ?

  ആകാശം

- കാലിൽ പിടിച്ചാൽ തോളിൽ കേറും ?

  കുട

- ഇരുട്ടാട്ടി എണ്ണയെടുത്തു

  എള്ള്

-
- 

അമൽ ചന്ദ്ര

9:D

# കുഞ്ഞനും കരിമ്പനും




പഞ്ചവർണ്ണകാട്ടിൽ ഒരു
നിളൻ പുഴയുണ്ടേ.......
കളകളമൊഴുകും പുഴയിൽ
ഒരു കുഞ്ഞൻ മീനുണ്ടേ......
അവനു കൂട്ടായി......
ഒരു കരിമ്പൻ ഞണ്ടുണ്ടേ.......
അങ്ങേ ചെരിവിൽ
ഇങ്ങേ ചെരിവിൽ
നീന്തി നീന്തി കളിയാടീടും
കരിമ്പൻ ഞണ്ടും കുഞ്ഞൻ മീനും......

ഫാത്തിമ ഷഹാന
9:E

# ENGLISH

# FRIEND SHIP



Oh what joy it is
to have a friend like you
for giving me strength
to way you do
For lifting me up
when I am feeling down
An putting a smile on e
when I am wearing a frown
Thanks for beaing there
And helping me grown
your friend ship mean as a lot

ADILA S N
9:D

# My Mother




My mother’s name is grace
She became my mom by god’s grace
I love her most,
And is best is better than the best
She is stout and black,
Anger is what she lacks.
She gives me hope,
When loose in golf,
She never boasts,
And that takes her aloft. She gives me courage,
When I find life as a cage. She wishes me to be near
That’s why she is my dear she pray’s for me sincerely,
And that makes me love her dearly
Love for me she has always kept,
That is why I don’t want to see her weep,
O! how will I pay back all this dept

Muhammed N
9:C

# 7 wonders of India



Taj mahal(agra)
Golden Temple(Amritsar)
Ajanta and Ellora caves(Maharashtra)
Sun Temple( Konark , Orissa)
Red Fort(Delhi)
Khajuraho(Madhya Pradesh)
Nalanda University(Bihar)





Since the ancient ages , India has been known all over the world for its numerous wonders.The India sub continent has been the cradle for some of the oldest civilizations of the world. Over a period of thousands of years, India has developed into one of the most fascinating countries of the world. The wonders of India include breathtaking natural beauty, its rich wildlife, the varied and dynamic population, and the numerous historic buildings that have been built by the erstwhile rulers of this vast land. Tourism in India has been ever growing



- The rich heritage of India is best revealed in this 'Seven Wonders'.From the majestic monolith to places



of worship, a mausoleum and university-our wonderful land is a treasure trove. In discovering incredible India in all its glory, it seemed like a neverending journey!



Noora

9:A

# LIFE




Life is a fact
It is colourless and painful
Love is a miracle
It is encouraging and filled with fragrance
Dream is beautiful
It is colourful and bright
Dreams make life colourful
Reality makes like colourless
But our behaviour add beauty to it
In short our behaviour adds
Colour and beauty to life
The same behaviour minus
Colour, beauty and fragrance fromour life
So keep love, dream and behaviour
For a beautiful, fragrant and miraculours life.

Sulthana
9:A

# ലിറ്റിൽ കൈറ്റ്സ്

## എസ് എൻ എച്ച് എസ് എസ്
## ചിതറ





# ലിറ്റിൽ കൈറ്റ്സ് എഡിറ്റോറിയൽ ബോർഡ്




# നന്ദി...........